(സി) ഉണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിനുതകുന്ന സ്വീവേജ് ട്രീറ്റുമെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ ജല സ്രോതസ്സുകളിൽ സ്വീവേജ് മാലിന്യം എത്തുന്നത് തടയുന്നതിനായി പ്രസ്തുത മലിനജലം ശുദ്ധീകരിക്കുന്നതിനുള്ള സംവിധാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വാട്ടർ അതോറിറ്റിയും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്.

മണിമലയാറിലെ മാലിന്യ നിർമ്മാർജ്ജനത്തിന് നടപടി

112 (6271) പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണിമലയാറിൽ മാലിന്യങ്ങളുടെ തോത് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മണിമലയാറിലെ മാലിന്യ നിർമ്മാർജ്ജനത്തിനും തീരങ്ങളുടെ സംരക്ഷണത്തിനും എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതിൽ എന്തു തീരുമാനമാണ് കൈക്കൊള്ളുകയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മണിമലയാറിന്റെ തീരസംരക്ഷണത്തിനായുള്ള പദ്ധതികളൊന്നും ജലവിഭവ വകുപ്പ് ഇപ്പോൾ വിഭാവന ചെയ്തിട്ടില്ല. പ്രസ്തുത ആറിന് സമീപമുള്ള വ്യവസായശാലകളിൽ മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഉറപ്പാക്കിയിട്ടുള്ളതും നിയമാനുസൃതമായി അനുമതി പത്രം നൽകി വ്യവസായശാലകളെ നിയന്ത്രിച്ചുവരുന്നതുമാണ്. ഗാർഹികമാലിന്യങ്ങൾ നദികളിൽ നേരിട്ട് എത്തുന്നത് നിയന്ത്രിക്കാനുള്ള പ്രധാന ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്.

(സി) പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കാര്യം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തീരുമാനിക്കുവാൻ സാധിക്കുകയുള്ളൂ.

തെന്മല ഡാമിൽ നിന്നും മണൽ ഖനനം

113 (6272) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെന്മല ഡാമിൽ നിന്നും മണൽ ഖനനം ചെയ്യുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly